പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2906.

20.03.2015 ൽ മറുപടിക്ക്

**സ്വകാര്യ പെട്രോൾ പമ്പുകൾ വഴി വിതരണം ചെയ്യുന്ന പെട്രോളിന്റെ ഡീസലിന്റെയും ഗുണനിലവാരമില്ലായ്മ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.കെ.എൻ.എ.ഖാദർ :** | **ശ്രീ. അനൂപ് ജേക്കബ്**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സ്വകാര്യ പെട്രോൾ പമ്പുകൾ വഴി വിതരണം ചെയ്യുന്ന പെട്രോളിന്റെയും ഡീസലിന്റെയും ഗുണനിലവാരമില്ലായ്മ സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പെട്രോളിന്റെയും ഡീസലിന്റെയും ഗുണനിലവാരമില്ലായ്മ സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്ന് എണ്ണക്കമ്പനികളുടെസംസ്ഥാന തല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |
| (ബി) സ്വകാര്യ പെട്രോൾ പമ്പുകളിൽ അളവിൽ കൃത്രിമം കാണിയ്ക്കുന്നതുമൂലം വാഹന ഉടമകൾക്ക് നഷ്ടമുണ്ടാകുന്നതായുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) പെട്രോൾ പമ്പുകളിൽ അളവിൽ കൃത്രിമം കാണിയ്ക്കുന്നതു സംബന്ധിച്ച ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഇത്തരം പമ്പുകൾ വഴി വിതരണം ചെയ്യുന്ന പെട്രോൾ, ഡീസൽ മുതലായവയുടെ ഗുണനിലവാരവും അളവും ഉറപ്പ വരുത്തുന്നതിന് എന്തെല്ലാം പരിശോധനകളാണ് നടത്തിവരുന്നത്; 2014-ൽ ഇതു സംബന്ധിച്ച് എത്ര പമ്പുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് ? | (സി) ലീഗൽ മെട്രോളജി വകുപ്പ് മുദ്രണംചെയ്ത മെഷറിംഗ് ജാർ അളവ് പരിശോധിക്കാനായി ഔട്ട്ലറ്റുകളിൽ ലഭ്യമാണ്. അളവ് കൃത്യമെന്ന് ഉറപ്പുവരുത്തുന്നതിലേക്കായി ലീഗൽ മെട്രോളജി വകുപ്പ് പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. 2014 ൽ ഇതു സംബന്ധിച്ച് 218 പമ്പുകൾക്കെതിരെ ലീഗൽ മെട്രോളജി വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പെട്രോൾ, ഡീസൽ എന്നിവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ഡെൻസിറ്റി കിറ്റും, പെട്രോളിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സ്പെഷ്യൽ ഫിൽട്ടർ പേപ്പറും ലഭ്യമാണ് എന്നും, എണ്ണക്കമ്പനികളിൽ നിന്നുള്ള ആന്റി അഡൽറ്ററേഷൻ സെൽ ഉദ്യോഗസ്ഥർ പെട്രോളിയം ഉല്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കാറുണ്ട് എന്നും എണ്ണക്കമ്പനികളുടെ സംസ്ഥാന തല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ